**ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്**

**പുറപ്പെടുവിക്കുന്നത് : ജെ ജസ്റ്റിൻ മോഹൻ ഐ.എഫ്.എസ്.**

വിഷയം : കേരള വനം വകുപ്പ് – ജീവനക്കാര്യം – ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സ്ഥലംമാറ്റവും നിയമനവും- ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

സൂചന :

1. 27.07.2021 തീയതിയിലെ ഇ7-12970/2018 നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച 01.01.2018 തീയതി പ്രാബല്യത്തിലുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ്
2. അഡിഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)ന്റെ 05.08.2026, തീയതിയിലെ KFDHQ/6708/2026/ADMIN/B5 നമ്പർ നടപടി ഉത്തരവ്
3. അഡിഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ന്റെ 13.10.2026 തീയതിയിലെ KFDHQ/6708/2026/ADMIN/B5 നമ്പർ നടപടി ഉത്തരവ്
4. 13.10.2026 തീയതിയിലെ KFDHQ /9202/2026-ADMIN/B2 നമ്പർ അനൗദ്യോഗിക കുറിപ്പ്

**ഉത്തരവ് നമ്പർ ഇ4-100/2026 തീയതി : 14-10-2026**

കോഴിക്കോട് ഡിവിഷനിലെ താമരശ്ശേരി റെയിഞ്ചിലെ ആനക്കാംപൊയിൽ ഫോറസ്റ്റ് സ്റ്റേഷൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ. ഷാജു കെ 31.05.2027 ൽ സർവ്വീസിൽ നിന്നും വിരമിക്കുന്നതിനോടനുബന്ധിച്ച അവധിയിൽ പ്രവേശിച്ചിട്ടുള്ളതിനാൽ, വനം വകുപ്പിൽ ഒരു ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ടി ഒഴിവിലേക്ക് സൂചന(1) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രകാരം സെക്ഷൻ ഫോറസ്റ്റ് ഓഫീസറായ അജി ആർ (പെൻ:162408) (ക്രമ നമ്പർ 564)- ന് ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി താൽക്കാലിക സ്ഥാനക്കയറ്റം ലഭിക്കാൻ അർഹതയുണ്ട്.

സൂചന (2) ഉത്തരവ് പ്രകാരം ശ്രീ. അജികുമാർ ടി, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും, സൂചന (3) പ്രകാരം സസ്പെൻഷൻ ഉത്തരവ് പിൻവലിച്ച് ടിയാനെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച് ഉത്തരവായിട്ടുള്ളതാണ്. ടിയാന് നിയമനം നൽകേണ്ട സാഹചര്യം നിലവിലുണ്ട്.

പുനലൂർ ഡിവിഷനിലെ അഞ്ചൽ റെയിഞ്ചിൽ ഏഴംകുളം ഫോറസ്റ്റ് സ്റ്റേഷനിലെ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ. സി റ്റി അഭിലാഷ് കുമാർ (പെൻ: 154326) ഡ്യൂട്ടിക്കിടെ ഫോറസ്റ്റ് ബീറ്റ് അസിസ്റ്റന്റ് ശ്രീ. പ്രതീഷ് എസ്( പെൻ: 928436)നെ മർദ്ദിച്ചതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടിയുടെ ഭാഗമായി ശ്രീ. സി റ്റി അഭിലാഷ് കുമാറിനെ കൊല്ലം ജില്ലയിൽ നിന്ന് മറ്റൊരു ജില്ലയിലേക്ക് സ്ഥലംമാറ്റുന്നതിന് സൂചന(4) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ. അജി ആർ (പെൻ:162408) ന് ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി താൽക്കാലിക സ്ഥാനക്കയറ്റം നൽകി, നിയമിച്ചുകൊണ്ടും, നിലവിലുള്ള ഡെപ്യൂട്ടി

റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് മേൽപ്പറഞ്ഞ കാരണ ങ്ങളാൽ സ്ഥലംമാറ്റവും, നിയമനവും നൽകിക്കൊണ്ടും ചുവടെ പറയും പ്രകാരം ഇതിനാൽ ഉത്തരവാകുന്നു.

| **ക്രമ നമ്പർ** | **പേര്, പെൻ, തസ്തിക, നിലവിൽ ജോലി ചെയ്യുന്ന ഓഫീസ്** | **സ്ഥാനക്കയറ്റം/സ്ഥലംമാറ്റം** | **സ്ഥാനക്കയറ്റം/സ്ഥലംമാറ്റം നൽകി നിയമിക്കുന്ന ഓഫീസ്** |
|---|---|---|---|
| 1. | ശ്രീ. അജി ആർ (പെൻ:-162408 ) സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, കൊല്ലതിരുമേട് ഫോറസ്റ്റ് സ്റ്റേഷൻ | **സ്ഥാനക്കയറ്റ നിയമനം** | ഏഴംകുളം ഫോറസ്റ്റ് സ്റ്റേഷൻ , അഞ്ചൽ റെയിഞ്ച്, പുനലൂർ ഡിവിഷൻ ( ശ്രീ. സി റ്റി അഭിലാഷ് കുമാർ-നെ സ്ഥലംമാറ്റുന്ന ഒഴിവിൽ ) |
| 2. | ശ്രീ. അജികുമാർ ടി (പെൻ - 390462) ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, | **സ്ഥലംമാറ്റ നിയമനം** | കുംഭാവരുട്ടി ഫോറസ്റ്റ് സ്റ്റേഷൻ, അച്ചൻകോവിൽ റെയിഞ്ച്, അച്ചൻകോവിൽ ഡിവിഷൻ, (നിലവിലുള്ള ഒഴിവിൽ) |
| 3. | ശ്രീ.സി റ്റി അഭിലാഷ് കുമാർ (പെൻ: 154326) ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ഏഴംകുളം ഫോറസ്റ്റ് സ്റ്റേഷൻ, പുനലൂർ ഡിവിഷൻ | **സ്ഥലംമാറ്റ നിയമനം** | ഇഞ്ചത്തൊട്ടി ഫോറസ്റ്റ് സ്റ്റേഷൻ, നേര്യമംഗലം റെയിഞ്ച്, മൂന്നാർ ഡിവിഷൻ (ശ്രീ. രാജീവ് പി - നെ സ്ഥലംമാറ്റുന്ന ഒഴിവിൽ) |
| 4. | ശ്രീ. പി രാജീവ് (പെൻ:163436) ഇഞ്ചത്തൊട്ടി ഫോറസ്റ്റ് സ്റ്റേഷൻ, നേര്യമംഗലം റെയിഞ്ച്, മൂന്നാർ ഡിവിഷൻ | **സ്ഥലംമാറ്റ നിയമനം** | ആനക്കാംപൊയിൽ ഫോറസ്റ്റ് സ്റ്റേഷൻ , താമരശ്ശേരി റെയിഞ്ച്, കോഴിക്കോട് ഡിവിഷൻ (നിലവിലുള്ള ഒഴിവിൽ) |

Digitally signed by
J JUSTIN MOHAN
Date: 14-10-2026
11:12:56

**അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)**

To

വ്യക്തികൾക്ക് മേലധികാരികൾ മുഖേന നൽകുന്നു.

പകർപ്പ് : 1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്.

2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ് ലൈഫ് വാർഡന്

നൽകുന്നു

3. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (FM) അറിവിനായി നൽകുന്നു.
4. എല്ലാ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
5. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സതേൺ സർക്കിൾ, കൊല്ലം/ ഹൈറേഞ്ച് സർക്കിൾ, കോട്ടയം/ സെൻട്രൽ സർക്കിൾ, തൃശ്ശൂർ/ ഈസ്റ്റേൺ സർക്കിൾ, പാലക്കാട്/ നോർത്തേൺ സർക്കിൾ, കണ്ണൂർ/ ഫീൽഡ് ഡയറക്ടർ, പ്രോജക്ട് ടൈഗർ, കോട്ടയം/പാലക്കാട് എന്നിവർക്ക് നൽകുന്നു.
6. എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ/ വൈൽഡ് ലൈഫ് വാർഡൻമാർ/ ഡെപ്യൂട്ടി ഡയറക്ടർ പെരിയാർ ഈസ്റ്റ്/ പെരിയാർ വെസ്റ്റ്/ പറമ്പിക്കുളം എന്നിവർക്ക് നൽകുന്നു.
7. ഡയറക്ടർ, സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് അരിപ്പ/ വാളയാർ.
8. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.റ്റി.)യ്ക്ക് നൽകുന്നു. വനം വകുപ്പിലെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി.
9. ഫയൽ/ സ്റ്റോക്ക് ഫയൽ